**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1823** **05-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂരിൽ നിന്ന് ദീർഘദൂര ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരൂരിൽ നിന്ന് തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ഭാഗത്തേക്ക് ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>നിലവിൽ തിരൂരിൽ നിന്നും ചമ്രവട്ടം, പൊന്നാനി, ഗുരുവായൂർ വഴി എറണാകുളത്തേയ്ക്കും തിരുവനന്തപുരത്തേയ്ക്കും താഴെ പറയുന്ന സർവ്വീസുകൾ നടത്തി വരുന്നു.<br><br>1. 05.00 തിരൂർ - തിരുവനന്തപുരം (പൊന്നാനി, ഗുരുവായൂർ, എറണാകുളം വഴി).<br><br>2. 06.15 തിരൂർ-വൈറ്റില (പൊന്നാനി, ഗുരുവായൂർ, നോർത്ത് പറവൂർ വഴി).<br><br>3. 10.30 തിരൂർ - തിരുവനന്തപുരം (പൊന്നാനി, ഗുരുവായൂർ, കൊടുങ്ങല്ലൂർ, എറണാകുളം വഴി). |
| (ബി) | അനേകം യാത്രക്കാർക്ക് നിത്യേന കോട്ടക്കലിലോ കുറ്റിപ്പുറത്തോ പോയി ബസ്സുകളെ ആശ്രയിക്കേണ്ടി വരുന്നതും രാത്രി യാത്രകൾക്ക് പ്രയാസം നേരിടേണ്ടി വരുന്നതും കണക്കിലെടുത്ത് പ്രസ്തുത റൂട്ടുകളിൽ ദീർഘദൂര ബസ്സ് അനുവദിക്കുന്നത് പരിഗണിക്കുമോ? | (ബി) | തിരൂരിൽ നിന്നും തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ഭാഗത്തേയ്ക്ക് യാത്ര ചെയ്യുന്നതിന് കണക്ഷൻ ഓർഡിനറി ബസ്സുകൾ ലഭ്യമാണ്. എല്ലാ പ്രദേശത്ത് നിന്നും ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ നഷ്ടത്തിലുള്ള അത്തരം സർവ്വീസുകൾ പുനക്രമീകരിച്ച് വരികയാണ്. തിരുവനന്തപുരം – കോഴിക്കോട് റൂട്ടിൽ എല്ലാ അരമണിക്കൂറിലും സർവ്വീസുകൾ ലഭ്യമാകുന്ന രീതിയിൽ വിഭാവനം ചെയ്ത് ബൈപ്പാസ് റൈഡർ സർവ്വീസുകൾ ആരംഭിച്ചിരിക്കുകയാണ്. ആയതിനാൽ രാത്രിയാത്രാ ബുദ്ധിമുട്ട് കുടി ഒഴിവാകുന്നതാണ്. രാത്രി കാലത്ത് സർവ്വീസുകൾ ആരംഭിക്കണം എന്ന അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി കെ.എസ്.ആർ.ടി.സി.യ്ക്കും യാത്രക്കാരായ പൊതുജനങ്ങൾക്കും ഉപകാരപ്പെടുന്ന രീതിയിൽ പുനക്രമീ- കരിക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ